മിസ്റ്റർ പി. ഗോവിന്ദമേനോൻ:

(എ) ഉവ്വ്.
(ബി) ഇല്ല.
(സി) ഉത്തരം ആവശ്യമില്ല.

ST. THOMAS OIL MILLS—INSPECTION OF

337. മിസ്റ്റർ പി. കെ. ഡീവർ: താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട ഗവൺമെണ്ട സദയം മറുപടി പറയുമോ.—

(എ) അഴിക്കോട്ട് സെൻറ് തോമസ് ഓയിൽ മിൽ പരിശോധിക്കുവാൻ ചെന്ന തെക്കെ ഡിവിഷൻ ഫാക്ടറി ഇൻസ്പെക്ടരോട മില്ലുടമസ്ഥൻ മര്യാദരഹിതമായി പെരുമാറിയെന്നും അദ്ദേഹത്തിനോട് പുറത്തുപോകുവാൻ പറഞ്ഞുവെന്നും മറുമുള്ള പത്രറിപ്പോർട്ടുകൾ ഗവൺമെണ്ടിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) അവിടെ യഥാർത്ഥമായി ഉണ്ടായതെന്താണെന്ന സദയം പറയാമോ;

(സി) പ്രസ്തുത മില്ലിന്റെ ഉടമസ്ഥൻ ഫാക്ടറി ആക്ടിനു വിരുദ്ധമായി എന്തെല്ലാം ചെയ്തതായിട്ടാണ് ഫാക്ടറി ഇൻസ്പെക്ടർ റിപ്പോർട്ട ചെയ്തിരിക്കുന്നത്;

(ഡി) എന്നാണ് ടി റിപ്പോർട്ട ലേബർ കമ്മീഷണർക്ക കിട്ടിയത്; ഈ റിപ്പോർട്ടിനെപ്പററി ലേബർ കമ്മീഷണർ ഗവൺമെണ്ടിലേക്ക് വല്ല റിപ്പോർട്ടും അയച്ചോ; അയച്ചെങ്കിൽ എന്ന്;

(ഇ) അഴിക്കോട്ട് സെൻറ് തോമസ്സ് മില്ലുടമസ്ഥൻ നിയമവിരുദ്ധമായി ഫാക്ടറി ഇൻസ്പെക്ടരോട് നിർമ്മര്യാദമായി പെരുമാറിയിട്ടുണ്ടെങ്കിൽ ഗവൺമെണ്ട് അയാളുടെ പേരിൽ എന്തു നടപടി എടുത്തു; എന്ന്;

(എഫ്) പ്രസ്തുത മില്ലുടമസ്ഥൻ ഫാക്ടറി ആക്ടിന്റെ വ്യവസ്ഥകളിനു തെററായി പ്രവർത്തിച്ചുതിനെപ്പററി ഫാക്ടറി ഇൻസ്പെക്ടർ ചെയ്തിട്ടുള്ള റിപ്പോർട്ടിന്മേൽ ഗവൺമെണ്ട് എന്തു നടപടി എടുത്തു; എപ്പോൾ;

(ജി) പള്ളുരുത്തിയിലെ കൽക്കത്ത ഫർക്കി ഓയിൽ മില്ലിന്റെ മാനേജരോ, ഉടമസ്ഥനോ ഫാക്ടറി ഇൻസ്പെക്ടരോട മര്യാദകേടായും അധികാരമായും പെരുമാറിയതിനെപ്പററി ലേബർ കമ്മീഷണർക്കോ, ഗവൺമെണ്ടിലേക്കോ, വല്ല റിപ്പോർട്ടും കിട്ടിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നാണ്; എന്തു നടപടി എടുത്തു?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: (എ) ഫാക്ടറി ഇൻസ്പെക്ടരോട് പുറത്തുപോകുവാൻ പറഞ്ഞതായ പത്രറിപ്പോർട്ട കണ്ടിട്ടില്ലാ. എന്നാൽ മര്യാദകേടായി പെരുമാറിയെന്നുള്ള പത്രറിപ്പോർട്ട കണ്ടു.

(ബി) ഫാക്ടറി ഇൻസ്പെക്ടരുടെ റിപ്പോർട്ടിൽനിന്നു താഴെ കാണുന്ന സംഗതികൾ നടന്നതായി അറിയുന്നു.

തൊഴിലാളികളും മില്ലുടമസ്ഥനും തമ്മിൽ ഉള്ള തൊഴിൽ തർക്കസന്ധിയിൽ തീർക്കുവാൻ പോയിരുന്ന തെക്കെ ഡിവിഷൻ ഫാക്ടറി ഇൻസ്പെക്ടരോട് സഭ്യമല്ലാത്ത രീതിയിൽ, സെൻറ് തോമസ്സ് ഓയിൽ മിൽ മാനേജർ മിസ്റ്റർ തൊമ്മൻ സംസാരിക്കുകയും, പെരുമാറുകയും, തൊഴിൽതർക്കം ആ സമയത്തു ഒരു മാദ്ധ്യസ്ഥതീർപ്പുമൂലം തീർക്കുവാൻ സാദ്ധ്യമല്ലാതെ വരികയും ചെയ്തു. ഫാക്ടറി ഇൻസ്പെക്ടരുടെ അനേഷണം നടത്തിയതിന്റെ ഫലം, ഫാക്ടറി ഇൻസ്പെക്ഷൻ ബുക്കിൽ രേഖപ്പെടുത്തുന്നതിനു കൊച്ചി ഫാക്ടറി ആക്ട് 77-ാം വകുപ്പു പ്രകാരം ആ പുസ്തകം ചോദിക്കുകയും മില്ലുടമസ്ഥൻ അതിനെ താഴെ കാണുന്ന കാരണങ്ങളാൽ നിരാകരിക്കുകയുമുണ്ടായി.

കാരണങ്ങൾ.—

ക. ആ പുസ്തകത്തിൽ എന്താണ് രേഖപ്പെടുത്തുവാൻ പോകുന്നതെന്നു മുൻകൂട്ടി പറയണം.

ഖ. ആയതു മലയാളത്തിൽ രേഖപ്പെടുത്തണം.

ഉടമസ്ഥൻ വിസമ്മതിച്ചു വിവരം സ്ഥലം പോലീസ് സ്റ്റേഷൻ ഇൻസ്പെക്ടരെ അറിയിക്കുകയും അധികം താമസിയാതെ പൊല്ലീസ് സബ്ബ്-ഇൻസ്പെക്ടർ മിസ്റ്റർ നമ്പീശനും രണ്ടു ഹെഡ് കോൺസ്റ്റബിളും ഫാക്ടറി ഇൻസ്പെക്ടർ ഒരുമിച്ച് ഏകദേശം 2 മണിക്കു തിരികെ കമ്പനിയിൽ ചെല്ലുകയുണ്ടായി.

LIBRARY ARCHIVES Kerala Legislative Assembly

മില്ലുടമസ്ഥൻ മിസ്റ്റർ തൊമ്മൻ ആ സമയം സ്ഥലത്തുണ്ടായിരുന്നില്ല. അയാളുടെ അസിസ്റ്റാണ്ടുമാരോടു ഇൻസ്പെക്ഷൻ ബുക്ക് ആവശ്യപ്പെട്ടതിൽ പുസ്തകം കൊടുക്കുന്നതിനെ ഉടമസ്ഥൻ നിരോധിച്ചിട്ടുണ്ടെന്നു പറയുകയുണ്ടായി. ഇൻസ്പെക്ടരും പോലീസ്സ് അധികാരികളും സ്ഥലത്തുനിന്നു മടങ്ങുകയും ചെയ്തു.

(സി) ഫ. ഫാക്ടറി ആക്ട് നു ന-ാംവകുപ്പു പ്രകാരം ഫാക്ടറി ഇൻസ്പെക്ഷൻ ബുക്ക് ഇൻസ്പെക്ടർ ആവശ്യപ്പെട്ടതിൽ കൊടുക്കാതിരുന്നതു്.

ഫ. ഫാക്ടറി ആക്ട് നു ഫ-ാംവകുപ്പുപ്രകാരം മാനേജ്മെണ്ടു് മാറിയപ്പോൾ വിവരം നോട്ടീസ്സുമൂലം അറിയിക്കാതിരുന്നതു്.

ന. ഫാക്ടറി ആക്ട് നു ര-ാംവകുപ്പുപ്രകാരം ആക്സിഡണ്ടു് റിപ്പോർട്ടു് അയക്കാതിരുന്നതു്.

(ഡി) ഫ ൻ ര ഴ മാർച്ചു് ഫ ര-ാംനു. ഇല്ലാ.

(ഇ) ഫാക്ടറി ആക്ടിലെ ചട്ടപ്രകാരം ഡിസ്ട്രിക്ടു് മജിസ്ട്രേട്ടു് പ്രോസിക്യൂഷൻ നടപടി എടുത്തുവരുന്നുണ്ടു്.

(എഫ്) ഫാക്ടറി ഇൻസ്പെക്ടരുടെ റിപ്പോർട്ട അനുസരിച്ചു ലേബർ കമ്മീണർ നടപടികൾ എടുത്തുവരുന്നുണ്ടു്.

(ജി) അപ്രകാരം ഒരു റിപ്പോർട്ടു് കിട്ടിയതായി അറിവില്ലാ.

മിസ്റ്റർ പി. കെ. ഡീവർ. അദ്ദേഹത്തെ ഇപ്പോൾ പ്രോസിക്യൂട്ടു് ചെയ്തുകഴിഞ്ഞുവോ ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ : നടപടി എടുത്തുവരികയാണു്.

AGE LIMIT FOR EXAMINATIONS

338. മിസ്റ്റർ കെ. കൊച്ചുകുട്ടൻ: താഴെപറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവണ്മെണ്ടു ദയവായി മറുപടി പറയുമോ.—

(എ) പത്താംക്ലാസ്സിൽ പരീക്ഷക്കു ചേരുമ്പോൾ ഫ ാ വയസ്സിൽ കൂടുതൽ പ്രായം വരുന്ന വിദ്യാർത്ഥികളെ മേലാൽ ഹൈസ്കൂൾ ക്ലാസ്സുകളിൽ പഠിപ്പിക്കുന്നതല്ല എന്ന ഒരു കല്പന ഗവണ്മെണ്ടു് ഫ ഫ ഫ-ൽ പുറപ്പെടുവിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഈ കല്പന അനുസരിച്ചു സ്റ്റേറിലെ എല്ലാ ഹൈസ്കൂളുകളിലും കൂടി എത്ര കുട്ടികൾ പഠിത്തം നിറുത്തി പോകേണ്ടിവരും;

(സി) ഇങ്ങിനെ പുറത്തുപോകുന്നവരിൽ എത്ര അധഃകൃതവിദ്യാർത്ഥികൾ ഉൾപ്പെടും;

(ഡി) പുറത്തുപോകുന്ന അധഃകൃത വിദ്യാർത്ഥികളുടെ ശതമാനം ഹൈസ്കൂൾ ക്ലാസ്സുകളിൽ അദ്ധ്യയനം നടത്തുന്ന ആകെയുള്ള അധഃകൃതവിദ്യാർത്ഥികളുടെ എത്രകണ്ടു വരും?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: (എ) ഉവ്വു്.

(ബി) പുതിയ കോഡ്രിൽ അങ്ങിനെ ഒരു നിയമം ഉണ്ടെങ്കിലും അതു് ഇപ്പോൾ പഠിക്കുന്ന കുട്ടികൾക്കു ബാധകമാക്കുവാൻ ഉദ്ദേശമില്ല. തക്കതായ കാരണങ്ങൾക്കു് ഈ നിബന്ധനയിൽനിന്നു് ഒഴിവാക്കുവാൻ ഡയറക്ടർക്കു് അധികാരമുള്ളതാകുന്നു.

(സി) & (ഡി)- (ബി)-യിലെ മറുപടികൊണ്ടു ഈ ചോദ്യങ്ങൾക്കു് അവകാശമില്ല.

VIVEKODAYAM GIRLS HIGH SCHOOL—OPENING OF

339. **Mr. K. I. Velayudhan** *(Ezhuvas-Talappalli):*

(*a*) will Government be pleased to lay on the table of the House a copy of the order according sanction to the management of the Vivekodayam Samajam High Schools to open a branch of the primary classes of the Vivekodayam Girls' High School at Punkunnam;

(*b*) will Government be pleased further to lay on the table of the House a caste-war statement of the pupils studying in the respective classes in the said branch of the Vivekodayam Girls' High School recently opened at Punkunnam;

(*c*) will Government be pleased to state whether they are aware of any special reason for establishing the branch of the said institution at Punkunnam;

(*d*) will Government be pleased to state whether any printed appeals were issued by the management of the Vivekodayam High Schools, Trichur, setting forth reasons for the establishment of the said branch at Punkunnam;

LIBRARY ARCHIVES Kerala Legislative Assembly